ശ്രീ. എ. വി. താമരാക്ഷൻ: നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനുള്ള മഹായജ്ഞത്തിൽ പങ്കെടുത്ത ലക്ഷക്കണക്കിന് യുവതീയുവാക്കളുണ്ട്. അവർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകളിലും മൂല്യനിർണ്ണയത്തിലും 10 മാർക്കെങ്കിലും ഗ്രേയ്സ് മാർക്കായി അനുവദിക്കണമെന്ന അപേക്ഷിക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): അക്ഷരകേരളം പ്രോജക്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത ഉണ്ടാക്കാൻവേണ്ടി ഉണ്ടാക്കിയ പദ്ധതിയാണ്. ഈ പദ്ധതിയിൽ യാതൊരുവിധ അലവൻസും ഇല്ലാതെ ഏതാണ്ട് രണ്ടു ലക്ഷത്തോളം വോളൻറിയർമാർ ത്യാഗം അനുഷ്ടിച്ച് റഫ് എസ്റ്റിമേറ് നോക്കുമ്പോഴും അതിൽ അറുപതിനായിരത്തിൽപ്പരം ആൾക്കാർ എസ്.എസ്.എൽ.സി. പാസ്സായവരാണ്. അവരിൽ മിക്കവരും തൊഴിലില്ലാത്ത യുവാക്കളാണ്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മിഷൻ ആളുകളെ എടുക്കുന്ന അവസരത്തിൽ സന്നദ്ധ പ്രവർത്തനം നടത്തുന്നവർക്ക് ആ സേവനത്തിന് ഒരു വെയിറേജ് കൊടുക്കണമെന്ന് 22-2-1991-ന് ചേർന്ന സാക്ഷരതാ സംസ്ഥാന എക്സിക്യൂട്ടീവ് ശുപാർശ ചെയ്തിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൽ വോളൻറി സർവ്വീസ് നടത്തിയ പതിനായിരക്കണക്കിന് യുവാക്കൾ ജോലിക്കു വരുമ്പോൾ അവർ ചെയ്ത സേവനത്തെ മാനിച്ച് പത്തു മാർക്ക് വെയിറേജ് കൊടുക്കണമെന്ന് സാക്ഷരത എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. അക്കാര്യം സർക്കാരിൻെറ പരിഗണനയിലാണ്.

(27) എം. എൽ. എ. റോഡിൻെറ പണി

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: എൻെറ നിയോജകമണ്ഡലത്തിൽ എം.എൽ.എ. റോഡ് ഉൾപ്പെടെ രണ്ടു റോഡുകളുടെ പണി 1984-ൽ ആരംഭിച്ചു. അന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ വ്യവസ്ഥകൾക്കെല്ലാം വിധേയമായി രണ്ടു ഘട്ടമായി നടത്താനാണ് തീരുമാനിച്ചത്. എം.എൽ.എ. റോഡിനെ സംബന്ധിച്ചിടത്തോളം അതിൻെറ ഒരു ഘട്ടം പോലും പൂർത്തിയാക്കാൻ കഴിയാതിരിക്കുകയാണ്. ആ കോൺട്രാക്ടർ ഗവൺമെൻറുമായി വിലപേശുകയാണ്. അതിന് പരിഹാരം ഉണ്ടാക്കണം. ആളുകൾക്ക് ആ റോഡിൽകൂടി വഴി നടക്കാനുള്ള സൗകര്യമുണ്ടാക്കുന്നതിനാവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കണം. രണ്ടാമത്തെ റോഡ് മുക്കാൽ പങ്കും പണി തീർന്നതാണ്. ബാക്കി കുറച്ച് ഭാഗമേയുള്ളൂ. ആ സമയത്ത് കോൺട്രാക്ടർ കൂടുതൽ പണം ഈടാക്കിയെടുക്കുന്നതിനുവേണ്ടി പണി നിറുത്തിവച്ചു. ഗവൺമെൻറ് അവരുടെമേൽ പല വിധത്തിലുമുള്ള സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് നെടുമങ്ങാട് കൊട്ടാരത്തിലേക്കു പോകുന്ന പഴയ രാജപാതയായിരുന്ന ആ റോഡ് ഇപ്പോൾ യാത്രായോഗ്യമല്ലാതായി കിടക്കുകയാണ്. ഈ രണ്ടു റോഡുകളെ സംബന്ധിച്ചും ഗവൺമെൻറ് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): ആനാട്—പുലിപ്പാറ റോഡ് 75 ശതമാനം പണി പൂർത്തിയാക്കിയിട്ടുണ്ട്. കരാറുകാരൻെറ അനാസ്ഥ ഉണ്ട്. അത് തുടരുകയാണ്. അനാസ്ഥ തുടരുന്നപക്ഷം ടെർമിനേഷനു നോട്ടീസ് കൊടുത്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ റോഡ് കുന്നിപ്പള്ളി–മുക്കോലയ്ക്കൽ റോഡ്. ആ റോഡിന്റെ പണി 1986-ൽ തുടങ്ങിയതാണ്. അതിന്റെ ടെൻഡർ വ്യവസ്ഥയിൽ സാങ്കേതികമായ ചില അപാകതകളും ഉണ്ടെന്നു ചൂണ്ടിക്കാണിച്ച് കരാറുകാരൻ തന്നെ ആക്ഷേപം തന്നിട്ടുണ്ട്. ചില കാര്യങ്ങളിൽ വാസ്തവം ഉണ്ടെന്നു ഗവൺമെന്റിനു സംശയമുണ്ട്. അതുകൊണ്ട് ആ കാര്യങ്ങളും അന്വേഷിച്ച് ആവശ്യമായിട്ടുള്ള നിർദ്ദേശം തരാൻ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രവൃത്തിയും ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(28) ട്രഷറി നിയന്ത്രണം

ശ്രീ. കെ. എ. ചന്ദ്രൻ: ചിറ്റൂർപുഴ പദ്ധതിയുടെ ഏറ്റവും വലിയ കനാലുകളിൽ ഒന്നാണ് കുന്നങ്കാട്ടുപതി കനാൽ. അതിനു മുപ്പത്തിയൊന്നര കിലോമീറ്റർ ദൂരമുണ്ട്. അതിൽ എട്ടു കിലോമീറ്റർ ദൂരം ആർ.എൽ.ഇ.ജി.പി.-യിൽ ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന ഇരുപത്തി മൂന്നര കിലോമീറ്റർ ദൂരം പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനു രണ്ടു കോടി രൂപയോളം ചെലവുവരുകയും ചെയ്യും. ഇൻഡ്യയിൽ നടക്കുന്ന ഏറ്റവും വലിയ ആർ.എൽ.ഇ.ജി.പി. പ്രവൃത്തിയാണിത്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കേണ്ടതായിരുന്നു. പക്ഷേ അത് കഴിഞ്ഞില്ല. ഇപ്പോഴും ചെയ്ത പണികൾക്ക് കൊടുത്ത ചെക്ക് ട്രഷറി വിലക്കുമൂലം മാറാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ബാക്കി പണി ചെയ്യുന്നതിനു സിമന്റ് എടുക്കാനും നിവൃത്തിയില്ലാത്ത ദുരവസ്ഥയുണ്ട്. ഈ പണി ചെയ്യാൻ വേണ്ടി കഴിഞ്ഞ സെക്കൻറ് ക്രോപ്പ് മൂവായിരം ഏക്കർ നെൽകൃഷി ചെയ്യാതിരിക്കുന്നതാണ്. അങ്ങനെയുള്ള സ്ഥലത്താണ് ഈ പണി. അതുകൊണ്ട് തുടർന്ന് പണി നടത്തുന്നതിനു ട്രഷറി വിലക്ക് അടിയന്തിരമായി നീക്കം ചെയ്തു സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. മുഖേനയുള്ള പ്രവർത്തികളെ ഏകോപിപ്പിച്ച് എൻ.ആർ.വൈ. എ.ആർ.വൈ. സ്കീമിൽ ഉൾപ്പെടുത്തി പണികൾ തുടങ്ങുന്നുണ്ട്. എ.ആർ.വൈ., എൻ.ആർ.വൈ. സ്കീമിൽപ്പെട്ട പ്രവർത്തികളുടെ ചെക്ക് പി.എസ്.പി., ടി.പി., ബി.ഡി. അക്കൗണ്ടുകളിലേക്ക് പണം ക്രെഡിറ്റ് ചെയ്യുന്നതിനും അതിൽ നിന്ന് പണം പിൻവലിക്കുന്നതിനും ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് 7–12–1990-ലെ 5194/90-ാം നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2–3–1991-ലെ 151/91-ാം നമ്പർ ഉത്തരവിലെ അവസാന ഖണ്ഡികയിൽ എ.ആർ.വൈ., എൻ.ആർ.വൈ. സ്കീമുകളിലെ പേമെന്റുകൾ 51294-ാം നമ്പർ ഉത്തരവുപ്രകാരം ട്രഷറിയിൽനിന്ന് തുക പിൻവലിക്കാനും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും ചില ട്രഷറികൾ ഈ ചെക്കുകൾ പണമാക്കി നൽകുന്നില്ല എന്ന് അറിഞ്ഞതിനെത്തുടർന്ന് എ.ആർ.വൈ., എൻ.ആർ.വൈ. ചെക്കുകൾ പണമാക്കി നൽകണമെന്ന് 16–3–1991-ലെ 20250-ാം നമ്പർ കത്തുപ്രകാരം എല്ലാ ട്രഷറി ആഫീസർമാർക്കും നിർദ്ദേശം നൽകുകയും ഈ വിവരം ടി. പി. മെസേജ് വഴി എല്ലാ ജില്ലാ കളക്ടർമാരേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി നിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly